SSVP
VERAPOLY CENTRAL COUNCIL





# സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി

## വരാപ്പുഴ സെൻട്രൽ കൗൺസിൽ

## വാർഷിക റിപ്പോർട്ട് 2006 – 2007

## സെൻട്രൽ കൗൺസിൽ ബോർഡ് അംഗങ്ങൾ

| | |
|---|---|
| രക്ഷാധികാരി – | മോസ്ററ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ (വരാപ്പുഴ മെത്രാപ്പോലീത്ത) |
| സഹരക്ഷാധികാരി – | റൈററ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി (സഹായ മെത്രാൻ) |
| ആദ്ധ്യാത്മികോപദേഷ്ടാവ് – | വെരി. റവ. ഫാ. ക്ലീററസ് പറമ്പലോത്ത് |
| ബോർഡ് &സി. സി. ഉപദേഷ്ടാവ് – | ബ്ര. റാഫേൽ കളത്തിവീട്ടിൽ |
| സി. സി. ഉപദേഷ്ടാവ് – | ബ്ര. നെടുംപറമ്പിൽ സേവ്യർ ജെയിംസ് |
| പ്രസിഡൻറ് – | ബ്ര. ഡോ. പ്രീമൂസ് പെരിഞ്ചേരി |
| വൈസ് പ്രസിഡൻറ് – | സി. സെലിൻ കളത്തിവീട്ടിൽ |
| വൈസ് പ്രസിഡൻറ് – | ബ്ര. ജോസഫ് പുത്തൻപറമ്പിൽ |
| ജനറൽ സെക്രട്ടറി – | ബ്ര. ജോസ് ഫ്രാൻസിസ് വടക്കുംതല |
| ജോയിൻറ് സെക്രട്ടറി – | ബ്ര. പയസ് പഴങ്ങനാട്ട് |
| ജോയിൻറ് സെക്രട്ടറി – | ബ്ര. മാത്തച്ചൻ അറയ്ക്കൽ |
| ട്രഷറർ – | ബ്ര. ജോയ് കെ. ദേവസി |
| ട്രിന്നിംഗ് ആൻറ് അഗ്രഗേഷൻ ഓഫീസർ – | ബ്ര. ആൻറണി കുററിശ്ശേരി |
| എഡ്യൂക്കേഷൻ കമ്മിററി ചെയർമാൻ – | ബ്ര. പ്രൊഫ. വിൻസെൻറ് കെ. ജോൺ |
| പ്രോജക്ട് ഓഫീസർ – | ബ്ര. ജേക്കബ് തെരുവിപ്പറമ്പിൽ |
| ജോയിൻറ് പ്രോജക്ട് ഓഫീസർ – | ബ്ര. റോക്കി രാജൻ |
| വനിതാ കമ്മിററി ചെയർപേഴ്സൺ – | സി. മേരി കല്ലൂർ |
| ജോയിൻറ് ചെയർപേഴ്സൺ – | സി. മേരി ലിയോൺസ് കൂടാരപ്പിള്ളി |
| യൂത്ത് കമ്മിററി ചെയർമാൻ – | ബ്ര. ജോസഫ് തൈപ്പറമ്പിൽ |

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി
## വരാപ്പുഴ സെൻട്രൽ കൗൺസിൽ
## വാർഷിക റിപ്പോർട്ട് - 2006-2007

പ്രിയസഹോദരീ സഹോദരന്മാരേ,

സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റി വരാപ്പുഴ സെൻട്രൽ കൗൺസിൽ സംസ്ഥാപിതമായിട്ട് അഞ്ചു പതിറ്റാണ്ടുകൾ പിന്നിട്ടുകഴിഞ്ഞു. അതിനും വളരെ മുമ്പുതന്നെ തുടക്കമിട്ട പല കോൺഫറൻസുകളും അതിരൂപതയിലുണ്ട്. കേരളത്തിലെ പല രൂപതകളിലും സൊസൈറ്റി പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത് ഇവിടത്തെ ആദ്യകാല ഭാരവാഹികളാണെന്ന കാര്യവും നമുക്കറിയാം. മഹിതമാണ് നമ്മുടെ പാരമ്പര്യം. നമ്മെ വിനീതോപകരണങ്ങളാക്കിയതിന് ദൈവത്തിന് നന്ദി പറയാം. ദൈവത്തിന്റെ കാരുണ്യം, അവശതയനുഭവിക്കുന്ന സഹജരുമായി പങ്കുവയ്ക്കുകയെന്ന ദൗത്യമാണ് ദൈവം വിൻസെൻഷ്യൻപ്രവർത്തകരായ നമ്മെ ചുമതലപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടാണ് ഈ പ്രവർത്തനങ്ങളെ ഒരു ദൈവവിളിയുടെ സാഫല്യം എന്നു വിശേഷിപ്പിക്കുന്നത്.

വരാപ്പുഴ സെൻട്രൽ കൗൺസിലിന്റെ പ്രവർത്തനങ്ങൾ ദൈവാനുഗ്രഹത്താൽ, സൊസൈറ്റിയുടെ നിയമാവലിയോടും സ്ഥാപകചൈതന്യത്തോടും നീതിപുലർത്തിക്കൊണ്ട് കഴിവതും തൃപ്തികരമായിത്തന്നെ നാം നടത്തുകയുണ്ടായി. കോൺഫറൻസുകളുടെ പ്രവർത്തനങ്ങൾ ഉപരിഘടകമായ ഏരിയകൗൺസിലുകൾ വഴി ഏകോപിപ്പിക്കുകയായിരുന്നു സെൻട്രൽ കൗൺസിൽ. മാസത്തിലെ രണ്ടാം ഞായറാഴ്ചകളിൽ എ.സി. കളുടെ കീഴിൽ വരുന്ന കോൺഫറൻസുകളുടെ നേതൃത്വത്തിൽ മാറിമാറി പ്രസ്തുതയോഗങ്ങൾ നടന്നിരുന്നു. കോൺഫറൻസ് പ്രവർത്തനങ്ങൾ ആ യോഗങ്ങളിൽ വിലയിരുത്തപ്പെടും. കാര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ അത്തരം പ്രതിമാസ കൗൺസിലുകളിലൂടെയാണ് നല്കിക്കൊണ്ടിരുന്നത്.

### എ.സി. വിഭജനം

നമുക്ക് റിപ്പോർട്ടുവർഷത്തിന്റെ ആരംഭത്തിൽ പതിനൊന്ന് ഏരിയ കൗൺസിലുകളാണുണ്ടായിരുന്നത്. കോൺഫറൻസുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി വികേന്ദ്രീകരണത്തിന് ഊന്നൽ നൽകണമെന്ന് പുതിയ നിയമാവലി ആവശ്യപ്പെടുന്നതനുസരിച്ച് 16 കോൺഫറൻസുകളുള്ള രണ്ട് എ.സി.കൾ നാം വിഭജിക്കുകയുണ്ടായി. അങ്ങനെ 2007 ജനുവരിയിൽ മംഗലപ്പുഴ വിഭജിച്ച് തോട്ടക്കാട്ടുകര എന്ന പേരിൽ ഒരു പുതിയ എ.സി. നിലവിൽവന്നു. അതേവർഷം മെയ്മാസം എറണാകുളം നോർത്ത് എ.സി. വിഭജിച്ച് ചാത്യാത്ത് എ.സി.യും പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ വരാപ്പുഴ സി.സി.ക്ക് 13 ഏരിയകൗൺസിലുകളുണ്ട്.

### വിൻഫൊർമേഷൻ

റിപ്പോർട്ടുവർഷം നമുക്കുണ്ടായ ഒരു പ്രധാനപ്പെട്ട നേട്ടം, സ്വന്തമായൊരു വാർത്താപത്രിക 'വിൻഫൊർമേഷൻ' തുടങ്ങാൻ സാധിച്ചു എന്നതാണ്. സൊസൈറ്റിവാർത്തകൾ നമ്മുടെ പ്രവർത്തകരെ അറിയിക്കുക, സെൻട്രൽ കൗൺസിലിൽ നിന്നുള്ള വാർത്തകൾ എത്തിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മനസ്സിൽ കണ്ടുകൊണ്ടാണ് ഇങ്ങനെ ഒരു ത്രൈമാസിക നമ്മൾ തുടങ്ങിയത്. ഇതിനകം രണ്ടു ലക്കങ്ങൾ നാം ഇറക്കിക്കഴിഞ്ഞു. എല്ലാ ഭാഗത്തുനിന്നും തുറന്ന പിന്തുണയും പ്രോത്സാഹനവുമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ആദ്യത്തെ രണ്ടുലക്കങ്ങളും സൗജന്യമായിരുന്നു. തുടർന്ന് 15 രൂപ വരിസംഖ്യക്രമത്തിൽ വർഷത്തിൽ 4 ലക്കം പുറപ്പെടുവിക്കാനാണുദ്ദേശിക്കുന്നത്. വരിസംഖ്യ മുൻകൂറായി നല്കി പ്രവർത്തകരെല്ലാവരും സഹകരിക്കുന്നുണ്ട്; നന്ദി.

### വിദ്യാഭ്യാസസഹായം

സൊസൈറ്റി സ്ഥാപനത്തിന്റെ 150-ാം വാർഷിക സ്മാരക വിദ്യാഭ്യാസ സഹായം 2007 ഫെബ്രുവരി 4-ാം തീയതി, സെൻറ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിലെ 'മരിയ സദനി'ൽ നടത്തിയ പൊതുസമ്മേളനത്തിൽ വരാപ്പുഴ അതിരൂപതാ സഹായ മെത്രാൻ റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി പിതാവ് വിതരണം ചെയ്യുകയുണ്ടായി.

ഇക്കൊല്ലം ITC, ITI എന്നീ കോഴ്സുകളിൽ പഠിക്കുന്നവർക്ക് 500 രൂപ, ഡിപ്ളോമ കോഴ്സുകൾക്കു പഠിക്കുന്നവർക്ക് 1000 രൂപ, ഡിഗ്രി കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 1500 രൂപ എന്നീ മൂന്നുതലങ്ങളിലായി മൊത്തം 138 പേർക്കായി, 1,30,500 രൂപ വിതരണം ചെയ്തു.

യോഗത്തിൽ സി.സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് വെരി. റവ. ഫാ. ക്ലീറ്റസ് പറമ്പലോത്ത്, കുട്ടികളെ അഭിസംബോധന ചെയ്തു. വിദ്യാർത്ഥിക

ളുടെ വ്യക്തിത്വ വികസനത്തിനു പ്രയോജനപ്പെടുവാൻ ഉതകുന്ന തരത്തിൽ കളമശ്ശേരി സെന്റ് പോൾസ് കോളെജ് പ്രിൻസിപ്പാൾ പ്രൊഫ. വി.എക്സ്. സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി.

ഇക്കൊല്ലം നാഷണൽ സ്കോളർഷിപ്പായി ലഭിച്ച 1,99,600 രൂപയും പ്രാദേശിക വിഹിതമായ 23,350 രൂപയും ഉൾപ്പെടെ 2,22,950 രൂപ 86 പേർക്കായി നൽകി. കൂടാതെ വിദ്യാജ്യോതി സ്കീമിൽ തിരഞ്ഞെടുക്കപ്പെട്ട 15 വിദ്യാർത്ഥികൾക്ക് 1000 രൂപ വീതവും വിതരണം ചെയ്തു.

## പ്രോജക്ടുകൾ :

റിപ്പോർട്ടുവർഷത്തിൽ നാഷണൽ കൗൺസിലിൽ നിന്ന് എടത്തല സെന്റ് ജൂഡ് കോൺഫറൻസിന് പഠനോപകരണവിതരണാർത്ഥം 38,361 രൂപയും ജൂബിലോൺ വകയിൽ വിവിധ കോൺഫറൻസുകൾ വഴി നല്കാൻ 35,000 രൂപയും നഴ്സറി ക്ലാസ് പ്രോജക്ടിന് പെരുമ്പിള്ളി ഹോളിഫാമിലി കോൺഫറൻസിന് 54,000 രൂപയും ലഭിച്ചു. വിൻസെൻഷ്യൻ കൊമേഴ്സ്യൽ ഇൻസ്റ്റിട്യൂട്ടിലേക്ക് ഒരുപുതിയ കമ്പ്യൂട്ടർ കൂടി വാങ്ങി പരിശീലന സൗകര്യം വിപുലീകരിക്കുകയുണ്ടായി. ഇപ്പോൾ നമുക്ക് മൂന്നു കമ്പ്യൂട്ടറുകളായി. മഞ്ഞുമ്മൽ വിൻടെക് കെട്ടിട നവീകരണത്തന് 1,00,800 രൂപയും കളമശ്ശേരി വിൻസെൻഷ്യൻ ക്ലിനിക്കിന് ചുറ്റുമതിൽ നിർമ്മാണം, ഫാൻ സ്ഥാപിക്കൽ എന്നിവയ്ക്ക് 30,000 രൂപയും സെൻട്രൽ കൗൺസിലിൽ നിന്നു ചെലവഴിച്ചു.

നാഷണൽ കൗൺസിലിൽനിന്നു ലഭിച്ച 35000 രൂപ ഉൾപ്പെടെ 1,78,000 രൂപ ജൂബിലോൺ, ഗോൾഡൻജൂബിലി ലോൺ എന്നീ ഇനങ്ങളിലായി അർഹരായ ഗുണഭോക്താക്കൾക്ക് സെൻട്രൽ കൗൺസിലിൽ നിന്ന് ഈ വർഷം നല്കുകയുണ്ടായി. സ്വയം തൊഴിൽ കണ്ടെത്താൻ ആവശ്യക്കാരെ സഹായിക്കുന്ന ഈ വായ്പാപദ്ധതിയുടെ സൗകര്യം പ്രയോജനപ്പെടുത്താൻ മുൻകൈയെടുക്കുന്ന കോൺഫറൻസ് ഭാരവാഹികൾക്ക് അഭിനന്ദനം.

## സെമിനാറുകൾ, പഠനക്ലാസ്സുകൾ

വിൻസെൻഷ്യൻചൈതന്യത്തിൽ അംഗങ്ങൾ വളർന്നു വരണമെന്ന കാഴ്ചപ്പാടിൽ ഈ വർഷവും നാം സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. 2006 ഡിസംബർ മാസത്തിൽ വാർഷികധ്യാനത്തിന് കണ്ണംകുന്നത്ത് ആശ്രമ ദേവാലയം സുപ്പീരിയർ റവ.ഫാ. അഗസ്റ്റിൻ ഒ.സി.ഡി. നേതൃത്വം നല്കി. ലാളിത്യം, അവതരണത്തിലെ ആത്മാർത്ഥത എന്നിവയായിരുന്നു അതിന്റെ സവിശേഷതയെന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.



2007-ലെ വലിയനോമ്പുകാലത്ത് സി.സി. അംഗങ്ങൾ, എ.സി. ഭാരവാഹികൾ എന്നിവരെ ഉദ്ദേശിച്ച് ആലുവ ആത്മദർശനിൽ നടത്തിയ ധ്യാന പരിപാടിക്ക് ഉണിച്ചിറ സാൻ ജുവാൻ ഭവൻ സുപ്പീരിയർ ഫാ. ഫിലിപ്പ് കാരിക്കശ്ശേരി നേതൃത്വം നല്കി. അങ്ങേയറ്റം ഉപകാരപ്രദമായിരുന്നു അത്. അംഗങ്ങൾ രഹസ്യപ്പിരിവിന്റെ രൂപത്തിൽ അതിനുള്ള തുക കണ്ടെത്തുകയായിരുന്നു. മിച്ചം വന്ന 1020 രൂപ വരാപ്പുഴ അതിരൂപതാ സെമിനാരിയൻസ് ഫോർമേഷൻ ഫണ്ടിലേക്ക് റെക്ടർ ബഹു. ജോസ് പടിയാരംപറമ്പിലച്ചനെ ഏല്പിച്ചു. യുവജനസെമിനാറും അങ്ങേയറ്റം വിജയമായിരുന്നു. അറുപത് യുവാക്കളാണ് അതിൽ സംബന്ധിച്ചത്. മുഴുദിന പരിപാടികൾക്ക് കെ. ആർ.എൽ.സി.സി. സെക്രട്ടറി അഡ്വ. ആന്റണി അമ്പാട്ട് നേതൃത്വം നല്കി. തുടർന്നു നടന്ന ചർച്ചകൾ ഏറെ സജീവമായിരുന്നു.

## അഭിമാനം, അനുമോദനം

നമ്മുടെ സി.സി. ആധ്യാത്മികോപദേഷ്ടാവായി പത്തുവർഷക്കാലം ശുശ്രൂഷ ചെയ്ത മോൺ. ജോസഫ് കാരിക്കശ്ശേരി വരാപ്പുഴ അതിരൂപതാ സഹായമെത്രാനായി ഉയർത്തപ്പെട്ടത് അങ്ങേയറ്റം അഭിമാനവും സന്തോഷവും നല്കുന്ന കാര്യമായി. കൊച്ചുപിതാവിനെ എല്ലാവരുടെയും അനുമോദനങ്ങൾ അറിയിക്കാൻ 2006 ഡിസംബറിലെ വാർഷികധ്യാനാവസരത്തിൽ നമുക്ക് സാധിക്കുകയുണ്ടായി. നമ്മുടെ ക്ഷണം സ്വീകരിച്ച് യോഗത്തിൽ എത്തിച്ചേർന്നതിന് ഹൃദയപൂർവം നന്ദി. പട്ടാഭിഷേകച്ചടങ്ങുകളിൽ എല്ലാഅംഗങ്ങളും തന്നെ വല്ലാർപാടം ബസ്ലിക്കയിൽ എത്തിച്ചേർന്നു.

അടുത്ത ആഴ്ച ചരിത്രപ്രാധാന്യമുള്ള മറ്റൊരു ചടങ്ങിലും നാം പങ്കുചേർന്നു. അഖിലേന്ത്യാ ലത്തീൻ മെത്രാൻ സമിതിയുടെ സമ്പൂർണ സമ്മേളനം ഇത്തവണ വരാപ്പുഴ അതിരൂപതയുടെ ആതിഥ്യത്തിലായിരുന്നല്ലോ. സി.സി. ബി.ഐ. പിതാക്കന്മാർ ഒന്നടങ്കം വല്ലാർപാടത്തെത്തി സമൂഹബലിയർപ്പിച്ചത് അപൂർവ വരദാനമായിരുന്നു. അവരെ സ്വീകരിച്ചത് വിവിധ സംഘടനാഭാരവാഹികളാണ്. അതിൽ, കാരിക്കശ്ശേരി പിതാവിനെ സ്വീകരിക്കാൻ നിയുക്തരാക്കപ്പെട്ടത് നമ്മുടെ പ്രസിഡണ്ടും വനിതാ വൈസ്പ്രസിഡണ്ടുമായിരുന്നു. ആ ചടങ്ങിലെ വിൻസെൻഷ്യൻസാന്നിദ്ധ്യവും ഏറെ ശ്രദ്ധേയമായിരുന്നു.

## പുതിയ സംരംഭം

1960 -ൽ സമാരംഭിച്ച വിദേശ ടിന്നിങ് പദ്ധതി എപ്പോഴാണ് പൂർണമായും നിർത്തലാക്കപ്പെടുക എന്നറിയില്ല. അതുകൊണ്ട് പകരം സംവിധാന

മെന്ന നിലയിൽ ഇന്റേണൽ ട്വിന്നിങ് ആരംഭിക്കണമെന്ന നിർദ്ദേശം നാം പ്രാവർത്തികമാക്കിക്കഴിഞ്ഞു. മുൻകൈയെടുത്ത എല്ലാവർക്കും നന്ദി. എല്ലാ എ.സി.കളും കഴിയുന്ന രീതിയിലുള്ള സഹായധനം സ്വരൂപിച്ച് സി.സി. യിൽ ഏല്പിച്ചുകൊണ്ടിരിക്കുന്നു. ഈ കോൺഫറൻസുകൾ നിർദ്ദേശിക്കുന്ന, അതത് എ.സി.കളിലെ സാമ്പത്തിക പിന്നാക്കാവസ്ഥയുള്ള കോൺഫറൻസുകളെയാണ് ഇന്റേണൽ ട്വിന്നിങ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

### ഫോൺ, വെബ്സൈറ്റ്

അംഗങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാനുദ്ദേശിച്ച് ഓഫീസിൽ ഈ വർഷം ഫോൺസൗകര്യമേർപ്പെടുത്തി. ഫോൺ നമ്പർ:0484-4049389. പുറത്തുള്ളവർക്കും നമുക്കും എപ്പോഴും സൊസൈറ്റിയെക്കുറിച്ച് എല്ലാവിവരവും കിട്ടത്തക്കവിധം നാം വെബ്സൈറ്റ് ആരംഭിക്കുകയുണ്ടായി. www.ssvpverapoly.org

### കൃതജ്ഞത

വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രവർത്തനങ്ങളെ എന്നും ആശീർവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ ഡാനിയേൽ പിതാവിന് ഹൃദയപൂർവം നന്ദി നേരുകയാണ്. കാരിക്കശ്ശേരി പിതാവാകട്ടെ, പ്രത്യേക വാത്സല്യത്തോടെയാണ് നമ്മെ നോക്കിക്കാണുന്നത്; അദ്ദേഹത്തിനും കൃതജ്ഞത. കത്തീഡ്രൽ ദേവാലയത്തിന്റെ വികാരിയെന്ന നിലയിലുള്ള ഭാരിച്ച ഉത്തരവാദിത്വങ്ങൾക്കിടയിലും നമ്മെ നയിക്കാനും ഉപദേശങ്ങളാൽ ധന്യരാക്കാനും ക്ലീറ്റസച്ചൻ സമയം കണ്ടെത്തുന്നു. അച്ചനു സവിശേഷമായ നന്ദി. കോൺഫറൻസുകൾക്ക് കരുത്തു പകരുന്ന ആധ്യാത്മികോപദേഷ്ടാക്കളായ എല്ലാ വൈദികരെയും ആദരപൂർവം ഓർക്കുകയാണ്. കോൺഫറൻസ് പ്രവർത്തനങ്ങൾ യഥാവിധി മുന്നോട്ടു കൊണ്ടുപോകുന്ന പ്രസിഡണ്ടുമാർ, ഏകോപനത്തിന്റെ ചുമതലയുള്ള എ.സി. പ്രസിഡൻറുമാർ, സമയത്തിന്റെയും സമ്പത്തിന്റെയും ഒരോഹരി വിൻസെൻഷ്യൻപ്രസ്ഥാനത്തിനു നല്കുന്ന സ്നേഹമുള്ള പ്രവർത്തകർ... എല്ലാവർക്കും ഒരായിരംനന്ദിയർപ്പിച്ചുകൊണ്ട്, ആദരപൂർവം ഈ റിപ്പോർട്ട് അവതരിപ്പിക്കുകയാണ്.

എറണാകുളം
24.6.2007

**ജോസ് ഫ്രാൻസിസ് വടക്കുംതല**
ജനറൽ സെക്രട്ടറി



# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി

## വരാപ്പുഴ സെൻട്രൽ കൗൺസിൽ

## കോൺഫറൻസ് പ്രവർത്തനം ഒററനോട്ടത്തിൽ

**(2006 ഏപ്രിൽ 1 മുതൽ 2007 മാർച്ച് 31 വരെ)**

| | |
|---|---|
| കോൺഫറൻസുകൾ | 141 |
| ഏരിയ കൗൺസിലുകൾ | 13 |
| സജീവഅംഗങ്ങൾ | 1164 |
| യുവഅംഗങ്ങൾ | 137 |
| വനിതാഅംഗങ്ങൾ | 451 |
| അംഗങ്ങളുടെ രഹസ്യപ്പിരിവ് | 7,52,018 |
| സഹായകാംഗങ്ങൾ | 4603 |
| സഹായകാംഗങ്ങളുടെ സംഭാവന | 25,10,017 |
| ദത്തുകുടുംബങ്ങൾ ആകെ | 1089 |
| നല്കിയ സഹായം | 27,65,989 |
| അക്രൈസ്തവ ദത്തുകുടുംബങ്ങൾ എണ്ണം | 198 |
| നല്കിയ സഹായം ആകെ | 601,072 |
| താത്കാലികസഹായം നല്കിയത് | 18,24,484 |
| ചികിത്സാസഹായം നല്കിയത് എണ്ണം | 3248 |
| ചികിത്സാസഹായം നല്കിയ തുക | 9,88,114 |
| വിദ്യാഭ്യാസസഹായം നല്കിയവർ എണ്ണം | 1102 |
| വിദ്യാഭ്യാസസഹായം നല്കിയ തുക | 398,072 |
| മറ്റു സഹായചെലവുകൾ | 14,32,031 |
| നാഷണൽ കൗൺസിലിൽ നിന്ന് | 11,86,110 |
| കോൺഫറൻസുകൾക്കു ലഭിച്ച മറ്റു പ്രാദേശിക വരുമാനം | 17,58,645 |

# സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി

## വരാപ്പുഴ സെൻട്രൽ കൗൺസിൽ

## വരവു–ചെലവു കണക്ക്

### 2006 ഏപ്രിൽ 1 മുതൽ 2007 മാർച്ച് 31 വരെ

| വരവ് | രൂപ |
|---|---|
| **മുൻ നീക്കിയിരിപ്പ്** | |
| കൈവശം | 1,434.00 |
| സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ | 2,74,196.13 |
| സ്ഥിരനിക്ഷേപങ്ങളിൽ | 17,36,500.00 |
| **ആകെ നീക്കിയിരിപ്പ്** | **20,12,130.13** |
| വിദ്യാഭ്യാസ സ്കോളർഷിപ്പ് | 63,600.00 |
| സ്റ്റേഷനറി, ബുക്സ് വരവ് | 4,605.00 |
| വിദ്യാഭ്യാസഎൻഡോവ്മെൻ്റ് | 1,34,000.00 |
| പി.സി.കളിൽ നിന്നും കോൺഫറൻസുകളിൽ നിന്നും | 44,745.00 |
| 5% വിഹിതം | 81,032.00 |
| അംഗത്വ വിഹിതം | 21,356.00 |
| ജൂബിലോൺ തിരിച്ചടവ് | 1,18,135.00 |
| വിൻസെൻഷ്യൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് | 10,000.00 |
| ഗോൾഡൻ ജൂബിലിലോൺ തിരിച്ചടവ് | 87,394.00 |
| ഫോൺ വരവ് | 863.00 |
| രഹസ്യപ്പിരിവ് | 33,390.00 |
| ബാങ്ക് നിക്ഷേപങ്ങളിൽ നിന്നു വരവ് | 1,71,141.00 |
| **ആകെ വരവ്** | **27,82,391.13** |



| ചെലവ് | | രൂപ |
|---|---|---|
| ഭവനനിർമ്മാണം | | 10,000.00 |
| വിദ്യാഭ്യാസം | | 1,31,000.00 |
| ചികിത്സാസഹായം | | 31,000.00 |
| 5% വിഹിതത്തിന്റെ പകുതി നാഷണൽ കൗൺസിലിലേക്ക് | | 32,754.00 |
| അംഗത്വ വിഹിതം | " | 13,730.00 |
| കൗൺസിൽ ജനറൽ ഫണ്ട് | " | 13,730.00 |
| റീച്ച് ഔട്ട് മാസിക വരിസംഖ്യ | " | 5,000.00 |
| ജീവൻജ്യോതി പ്രോജക്ടിന് | " | 5,000.00 |
| ഫോൺ, പി.എ. സിസ്റ്റം | | 4,842.00 |
| വിൻടെക് അഡ്വാൻസ് | | 25,000.00 |
| പ്രിന്റിംഗും സ്റ്റേഷനറിയും | | 23,106.00 |
| പോസ്റ്റേജ് | | 1,527.00 |
| ഓഫീസ് മെയിന്റനൻസ്, കറന്റ് ചാർജ് | | 20,870.00 |
| ആദ്ധ്യാത്മിക സെമിനാറുകളും യോഗങ്ങളും | | 56,367.00 |
| ജൂബിലോൺ വിതരണം ചെയ്തത് | | 8,000.00 |
| സെമിനാരിയൻസ് ഫോർമേഷൻ ഫണ്ടിലേക്ക് | | 1,020.00 |
| ഗോൾഡൻ ജൂബിലിലോൺ വിതരണം ചെയ്തത് | | 1,35,000.00 |
| ബാങ്ക് ചാർജസ് | | 1,137.84 |
| **ആകെ** | | **519,083.84** |
| **നീക്കിയിരിപ്പ്** | | |
| കൈവശം | | 3,532.00 |
| സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ | | 3,93,275.29 |
| സ്ഥിരനിക്ഷേപങ്ങളിൽ | | 18,66,500.00 |
| **ആകെ** | | **27,82,391.13** |

## വിദേശ എക്കൗണ്ട്

| വരവ് | രൂപ |
|---|---|
| **മുൻ നീക്കിയിരിപ്പ്** | |
| സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ | 27,654.60 |
| **നാഷണൽ കൗൺസിലിൽ നിന്ന്** | |
| ടിന്നേജ് ഗ്രാന്റ് | 5,64,757.00 |
| പ്രോജക്ടുകൾക്ക് | 1,27,361.00 |
| സ്കോളർഷിപ്പ് | 3,51,450.00 |
| പ്രത്യേക ഗ്രാന്റുകൾ | 1,33,666.00 |
| ബാങ്ക് അക്കൗണ്ടിൽ നിന്നു പലിശ | 8,876.00 |
| **ആകെ** | **12,13,764.60** |

| ചെലവ് | രൂപ |
|---|---|
| ടിന്നേജ് ഗ്രാൻറ് വിതരണം ചെയ്തത് | 4,85,557.00 |
| പ്രോജക്ട് ഗ്രാൻറ് വിതരണം ചെയ്തത് | 1,12,361.00 |
| വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം ചെയ്തത് | 3,07,600.00 |
| പ്രത്യേക ഗ്രാൻറുകൾ വിതരണംചെയ്തത് | 81,831.00 |
| ബാങ്ക് ചാർജ്ജസ് | 300.00 |
| നീക്കിയിരിപ്പ് : സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ | 2,26,115.60 |
| **ആകെ** | **12,13,764.60** |

**ബ്ര. പ്രീമൂസ് പെരിഞ്ചേരി**
*(പ്രസിഡൻറ്)*

**ബ്ര. ജോയ് കെ. ദേവസി**
*(ട്രഷറർ)*

**ബ്ര. ഏയ്ഞ്ചൽ മേരി &**
**ബ്ര. നെൽസൺ കൊറയ**
*(ഇൻേറണൽ ഓഡിറ്റർമാർ)*

**M/s. കെ.ടി.ആൻറണി & അസ്സോസിയേറ്റ്സ്**
*(സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ)*



## എൻഡോവ്മെൻറുകൾ – 2006–2007

| ദാതാവ് | സ്മാരകനാമം | കോൺഫറൻസ് |
|---|---|---|
| **എറണാകുളം ഈസ്റ്റ് എ.സി.** | | |
| 1. സായംപ്രഭ പ്രോജക്ട്, ലിറ്റിൽ ഫ്ലവർ കോൺഫറൻസ്, പൊറ്റക്കുഴി | ആന്റണി& തങ്കമ്മ ആന്റണി കണ്ടായിക്കോടത്ത്, പൊറ്റക്കുഴി | ലിറ്റിൽ ഫ്ലവർ, പൊറ്റക്കുഴി |
| 2. ടി.ജെ. പീറ്റർ, തച്ചുതറ | മേരി ജെമ്മ ഗൽഗാനി അമ്മപറമ്പിൽ, മാലിപ്പുറം | ഔർ ലേഡി ഓഫ് ഇമ്മാക്കുലേറ്റ് കൺസപ്ഷൻ, പാലാരിവട്ടം |
| 3. മേരി ദേവസ്സി, പെരിഞ്ചേരി പാലാരിവട്ടം | ഗ്രെയ്സി തോമസ്, കനകശ്ശേരി, പച്ചാളം | ” |
| 4. ഡാനി ഫിലിപ്പ്, കാട്ടിപ്പറമ്പിൽ പാലാരിവട്ടം | ഫിലിപ്പ് കെ. ജെ. കാട്ടിപ്പറമ്പിൽ | ” |
| 5. ആനി മാത്യു, പള്ളത്ത് പാലാരിവട്ടം | മാത്യു പള്ളത്ത് | ” |
| 6. ട്രീസാ സെബാസ്റ്റ്യൻ | എം.കെ. സെബാസ്റ്റ്യൻ | സെന്റ് ജോസഫ്സ് ദേശീയകവല |
| 7. മാർട്ടിൻ എം.എസ്. | ” | ” |
| 8. തോമസ് എം.എസ്. | ” | ” |
| 9. സിറിൾ പി.ജെ. | എഴുപതാം പിറന്നാൾ | സെന്റ് ഫ്രാൻസിസ് സേവ്യർ, കലൂർ |
| 10. ഏലിക്കുട്ടി സിറിൾ | അറുപത്തിയാറാം പിറന്നാൾ | ” |
| **എറണാകുളം സൗത്ത് എ.സി.** | | |
| 1. റൂബി എഡ്വേർഡ് ചെറിയ കടവിൽ, കടവന്ത്ര | ഡി.സി. എഡ്വേർഡ് ചെറിയകടവിൽ | ഓൾ സെയിന്റ്സ് (വനിത), കടവന്ത്ര |
| 2. റോസി ഡസ്റ്റിനോൾഡ് കൊടുവേലിൽ | മകൻ അജോഷിന്റെ വിവാഹം | വ്യാകുലമാതാ, അംബികാപുരം |
| 3. ടി.പി. അലോഷ്യസ് തേനോത്ത് | മകൾ അനിത അലോഷ്യസിന്റെ വിവാഹം | ” |
| 4. വി.ജെ. ജെയ്സൺ | പോൾസൺ, വലിയാറ ഹൗസ്, കൂനമ്മാവ് | സെന്റ് സെബാസ്റ്റ്യൻ, കടവന്ത്ര. |
| **എറണാകുളം നോർത്ത് എ.സി.** | | |
| 1. അനിൽ ക്ലീറ്റസ് കൊല്ലംപറമ്പിൽ കോൺവെന്റ് റോഡ്, എറണാകുളം | ക്ലീറ്റസ് കൊല്ലംപറമ്പിൽ | നിത്യസഹായമാതാ, എറണാകുളം |

| | | |
|---|---|---|
| 2. ബേബി ആന്റണി, വലിയപറമ്പിൽ, ചിറ്റൂർ റോഡ്, എറണാകുളം | W.A. ആന്റണി, വലിയപറമ്പിൽ | സെന്റ് ബെനഡിക്ട്, എറണാകുളം |
| 3. കെ.ഇ. ജോയി, കളരിക്കൽ, മുളവുകാട് | കെ.ജി. ഈശി | സെന്റ് സെബാസ്റ്റ്യൻ, ബോൾഗാട്ടി |
| 4. ഫ്ളോറി കൊറയ, അമ്പാട്ട് ഹൗസ്, പച്ചാളം | മോറിസ് കൊറയ | ഡോൺബോസ്കോ, ചാത്യാത്ത് |
| 5. കെ.ജെ. ക്ലീറ്റസ്, കോന്നുള്ളിഹൗസ്, ടാറ്റാ വ്യൂ, കൊച്ചി | ജേക്കബ് കോന്നൂള്ളി | ” |
| 6. മാത്യു വള്ളനാട്ട്, പച്ചാളം, കൊച്ചി | റോബി മാത്യു വള്ളനാട്ട് | ” |
| 7. ജോസി മെൻഡസ് കളത്തുമുറി ഹൗസ് | ട്രീസ സൈമൺ മെൻഡസ് കണ്ണച്ചംമുറി | ” |
| 8. ജോസി മെൻഡസ് കളത്തുമുറി ഹൗസ് | സൈമൺ മെൻഡസ് | ” |
| 9. വി.സി. ഇമ്മാനുവേൽ വാഴുവേലി, വടുതല | മേരി ചാക്കോ | ” |
| 10. വി.എം. സേവ്യർ, വലിയപാടത്ത് | സേവ്യർ മൈക്കിൾ വലിയപാടത്ത് | ” |
| 11. കെ.ടി. ജോസ് കണക്കശ്ശേരി, പച്ചാളം | ബിജോയ് ജോസ്, കണക്കശ്ശേരി | ” |
| **കളമശ്ശേരി എ.സി.** | | |
| 1. ടി.ജി. പോൾ, തോപ്പിൽ ഹൗസ് കുന്നത്തുപറമ്പിൽ മരോട്ടിച്ചുവട്, ഇടപ്പിള്ളി | തോപ്പിൽ പൈലി ജോർജ്ജ് & എലിസബത്ത് ജോർജ്ജ് | സെന്റ് ജൂഡ്, ഉണിച്ചിറ |
| 2. ആനി ജോബ്, C2, LD കോളനി, KSEB, എച്ച്.എം.റ്റി റോഡ് കളമശ്ശേരി | ജോസി പൂപ്പന & ജോബ് ഇ.ജെ. | സെന്റ് തോമസ്, കുറ്റിക്കാട്ടുകര |
| 3. ആനി ജോബ് C2, LD കോളനി KSEB എച്ച്.എം.റ്റി. റോഡ് കളമശ്ശേരി | ജോസി പൂപ്പന & ജോബ് ഇ.ജെ. | ” |
| 4. നവീൻ എഫ്.ഹെൻറി രണ്ടുതെങ്ങിൽ ഹൗസ്, ചങ്ങമ്പുഴ നഗർ | ഫാ. ബർണാർഡ് ചാണേപ്പറമ്പിൽ | സെന്റ് പയസ്, കളമശ്ശേരി |



| ദാതാവ് | സ്മാരകനാമം | കോൺഫറൻസ് |
|---|---|---|
| 5. വി.ജെ. ആന്റണി, വടശ്ശേരി ഹൗസ്, ഏലൂർ സൗത്ത്, ഉദ്യോഗമണ്ഡൽ | ജേക്കബ് & മാർഗരറ്റ് | സെന്റ് ആന്റണി, ഏലൂർ |
| 6. നിഷ ജെയ്സൺ പള്ളിപ്പറമ്പിൽ V.P.M. Road, ഇടപ്പള്ളി | ജെയ്സൺ പള്ളിപ്പറമ്പിൽ | മേരി മാതാ, ഉണിച്ചിറ |
| 7. ജോൺ സി. ബ്രിട്ടോ ജോർജ്ജുഭവൻ, ചങ്ങമ്പുഴനഗർ, ഉണിച്ചിറ | ജെ ക്രിസ്റ്റോഫർ | ” |
| 8. സാറാമ്മ സേവ്യർ, ഇടത്തിൽ ഹൗസ്, മഞ്ഞുമ്മൽ | സേവ്യർ ഇടത്തിൽ | ഇമ്മാക്കുലേറ്റ് കൺസപ്ഷൻ, മഞ്ഞുമ്മൽ |
| **കൂനമ്മാവ് എ.സി** | | |
| 1. മേരി സേവ്യർ, ചിറക്കൽ കൂനമ്മാവ് | സേവ്യർ | ബ്ലസ്ഡ് ചാവറ കുരിയാക്കോസ്, കൂനമ്മാവ് |
| 2. മിൽട്ടൺ പടത്തുരുത്തി | കുഞ്ഞമ്മ | ” |
| 3. സബീന ഔസേഫ്കുട്ടി വാഴുവേലിൽ, വള്ളുവള്ളി | ഔസേഫ് കുട്ടി വാഴുവേലിൽ | അമലോത്ഭവമാതാ, വള്ളുവള്ളി |
| 4. ഹാദ്രിയാനൂസ്, കൂടാരപ്പിള്ളി വരാപ്പുഴ | കൃതജ്ഞത | സെന്റ് പയസ് ക്രിസ്തുനഗർ |
| 5. കെ. എ. വിക്ടർ, കൂടാരപ്പിള്ളി, വരാപ്പുഴ | ” | ” |
| 6. ___________ | ___________ | ” |
| 7. കെ. ഇ. ജോണി, കൂടാരപ്പിള്ളി ക്രിസ്തുനഗർ, വരാപ്പുഴ | മേരി ഇനാശി കൂടാരപ്പിള്ളി | ക്രിസ്തുരാജ, ക്രിസ്തുനഗർ |
| 8. ___________ | ___________ | ” |

| | | |
|---|---|---|
| 9. സബേത്ത് ജോയി, ഇലഞ്ഞിക്കൽ, പാനായിക്കുളം | വിദ്യാഭ്യാസ വിജയം | ലിറ്റിൽ ഫ്ലവർ, പാനായിക്കുളം |
| **കോതാട് എ.സി.** | | |
| 1. അഗസ്റ്റിൻ ഫെർണാണ്ടസ് മാളിയേക്കൽ | ജോസഫ് & കത്രീന ഫെർണാണ്ടസ് | സെന്റ് അഗസ്റ്റിൻ, മൂലമ്പിള്ളി |
| 2. ബെന്നി തോട്ടകത്ത് | ഔസേഫ് തോട്ടകത്ത് | സേക്രഡ് ഹാർട്ട് (W) കോതാട് |
| 3. സൂസൺ ഗിൽബർട്ട് ഡോമിനിക്ക് മാത്തിപ്പറമ്പിൽ | ഡോമിനിക്ക് മാത്തിപ്പറമ്പിൽ | സെന്റ് മേരീസ്, ചേന്നൂർ |
| 4. ________ | ________ | സെന്റ് ആന്റണീസ് ചേന്നൂർ |
| **മംഗലപ്പുഴ എ.സി.** | | |
| 1. അന്നമ്മ ഫിലിപ്പ് മരോട്ടിപ്പറമ്പിൽ ആലുവ | ഫിലിപ്പ് മരോട്ടിപ്പറമ്പിൻ | സെന്റ് ജോസഫ്, മംഗലപ്പുഴ |
| 2. സൈമൺ തോമസ് ചിറമേൽ, ആലുവ | ത്രേസ്യക്കുട്ടി തോമസ് ഇലപ്പറമ്പത്ത് | ” |
| 3. ലൂസിഫിലിപ്പ്, മരോട്ടിപ്പറമ്പിൽ | ഫിലിപ്പ് മരോട്ടിപ്പറമ്പിൽ | ” |
| **തോട്ടക്കാട്ടുകര എ.സി.** | | |
| 1. തണ്ണിക്കോട്ട് ഇഗ്നേഷ്യസ് | തണ്ണിക്കോട്ട് ജോസഫ് അമ്മിണി ചരമവാർഷികം | സെന്റ് ജൂഡ് എടത്തല |
| 2. ആൽബർട്ട് ഡോമിനിക്ക് മുരുക്കുംതറ, എടത്തല | ദേവസ്സി മുരുക്കുംതറ | വിമല ഹൃദയ, എടത്തല |
| 3. ലൂസിക്കുട്ടി ഡോമിനിക്ക് | 41-ാം ചരമദിനം യോഹന്നാൻ മത്തായി, വയലമണ്ണിൽ | ” |
| **ഉദയംപേരൂർ എ.സി.** | | |
| 1. ജെസ്സി ജേക്കബ് കണ്ടത്തിൽപ്പറമ്പ്, തൈക്കൂടം | ജേക്കബ് കണ്ടത്തിപ്പറമ്പ് | സെന്റ് റാഫേൽ തൈക്കുടം |



| ദാതാവ് | സ്മാരകനാമം | കോൺഫറൻസ് |
|---|---|---|
| 2. കെ.ടി. ജോസഫ് കളപ്പുരക്കൽ, പൊന്നുരുന്നി | തോമസ് കളപ്പുരക്കൽ | ” |
| 3. ________ | ________ | ” |
| 4. പി.കെ. ജോൺ, പട്ടാറ, ഏരൂർ | സിറിയക്ക് ജോൺ | സെന്റ് ജോർജ്ജ് എരൂർ |
| 5. ഗിൽബർട്ട് കെ.ജെ. കൊട്ടിയപ്പത്ത് ഏരൂർ | കെ.ടി. ജോസഫ് | ” |
| 6. ബിജു വാലുങ്കൽ പാറേപ്പറമ്പ്, ഏരൂർ നോർത്ത് | ദേവസ്സി വാലുങ്കൽ | ” |
| 7. ബെൻസൺ തോമസ് കേളന്തറ, പനങ്ങാട് | മകൻ ബെഞ്ചമിന്റെ ജന്മദിനം | സെന്റ് ആന്റണി പനങ്ങാട് |
| 8. പ്രീമൂസ് പെരിഞ്ചേരി, പനങ്ങാട് | മകൾ പ്രീതയുടെ വിവാഹം | ” |
| 9. മേരി തോമസ് പെരിഞ്ചേരി, പനങ്ങാട് | ഭർത്താവ് തോമസിൻെറ ചരമവാർഷികം | സെന്റ് സെബാസ്റ്റ്യൻ (വനിത), സെബാൻപുരം, പനങ്ങാട് |
| 10. എൻ.വി. ഫ്രാൻസിസ് നെടുംപറമ്പിൽ, മരട് | ഫാ. ഹിലാരിയോൺ ഒ.എസ്.ജെ. | സെന്റ് തോമസ്, തോമസ്പുരം |
| 11. ഇന്നസെൻറ് കൂടാരപ്പിള്ളി, മരട് | ഫിലോമിന സേവ്യർ കൂടാരപ്പിള്ളി (അമ്മ) | ” |
| 12. ജോർജ്ജ് ചക്കാലക്കൽ തോമസ്പുരം, മരട് | ജോർജ്ജ് ചക്കാലക്കൽ (പിതാമഹൻ) | ” |
| 13. എൻ.പി. ജോസഫ്, നെടുംപറമ്പിൽ, മരട് | ത്രേസ്യ പീറ്റർ നെടുംപറമ്പിൽ (അമ്മ) | ” |
| **വരാപ്പുഴ എ.സി.** | | |
| 1. റോസിലി ജോസ് ചിറക്കക്കാരൻ | ജോസ് ചിറക്കക്കാരൻ | നിത്യസഹായമാതാ, ചേരാനല്ലൂർ |

| | | |
|---|---|---|
| 2. സെലിൻ കൊറയ മണപറമ്പത്ത് | മാനുവൽ കൊറയ | സെന്റ് ജോസഫ് വരാപ്പുഴ |
| 3. റവ. ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറമ്പിൽ | അന്തപ്പൻ താന്നിക്കാപ്പറമ്പിൽ | സെന്റ് എലിസബത്ത്, തുണ്ടത്തുംകടവ് |
| **വൈപ്പിൻ നോർത്ത്** | | |
| 1. എ.ബി. സെബാസ്റ്റ്യൻ, അരവിന്ദശ്ശേരി, പെരുമ്പിള്ളി | അന്ന ബാവ | ലിറ്റിൽ ഫ്ലവർ, പെരുമ്പിള്ളി |
| 2. പി.ജെ. ക്ലീറ്റസ് & ബ്രദേഴ്സ് പെരുമ്പിള്ളി | പി.എക്സ്. ദോവ | ” |
| 3. റോയ് സോസ തേരയ്ക്കൽ ഹൗസ്, എളങ്കുന്നപ്പുഴ | ക്ലാര സോസ | ഹോളി ഫാമിലി, പെരുമ്പിള്ളി |
| 4. വിക്ടോറിയ ജോസഫ് മരതോന്ത്ര, നായരമ്പലം | ജോസഫ് | മേരി മാതാ, വാടേൽ |
| 5. ആൻറണി ജോസഫ് താണിപ്പിള്ളി, നായരമ്പലം | മകൻ കെവിൻ ആൻറണിയുടെ ആദ്യ ജന്മദിനം | ” |
| 6. എ.ഒ. ജോർജ്ജ് അറക്കൽ ഹൗസ്, നായരമ്പലം | ഏലീശ്വ ഔസേപ്പ്കുട്ടി | സെൻറ് ജോർജ്ജ്, വാടേൽ |
| 7. എം.ഡി. ജോസഫ് മനുവേലിപ്പറമ്പ്, നായരമ്പലം | സഹധർമ്മിണിയുടെ ആദ്യ ചരമവാർഷികം | ” |
| 8. ചാക്കു ബെനഡിക്ട് പനക്കൽ ഹൗസ്, മാനാട്ടുപറമ്പ്, നായരമ്പലം | ബ്രിഡ്ജിറ്റ് ചാക്കു | സെൻറ് ലിയോ, മാനാട്ടുപ്പറമ്പ് |
| **വൈപ്പിൻ സൗത്ത് എ.സി.** | | |
| 1. സുജിത്ത് ജോർജ്ജ് കണ്ണോത്തുപറമ്പിൽ കുണ്ടന്നൂർ, മരട് | വിവാഹസ്മരണ | സെൻറ് റീത്താസ് (വനിത), കർത്തേടം |
| 2. ആൻറണി കളത്തിവീട്ടിൽ, വടുതല | അന്ന റാഫേൽ | ” |



| ദാതാവ് | സ്മാരകനാമം | കോൺഫറൻസ് |
|---|---|---|
| 3. ജേക്കബ് കളത്തിവീട്ടിൽ, വടുതല | അന്ന റാഫേൽ | ” |
| 4. വിരോണി ആൻറണി വൈപ്പിശ്ശേരി, കർത്തേടം | ആൻറണി വൈപ്പിശ്ശേരി | ” |
| 5. ഡാമിയൻ ചേന്നാട്ട്, വടുതല, കൊച്ചി | ലിഷ ഡാമിയൻെറ വിവാഹസ്മരണ | ” |
| 6. ജോ ആൻറണി പറമ്പലോത്ത്, മാലിപ്പുറം | വിവാഹസ്മരണ | ” |
| 7. മേരി ദേവസ്സി, തുണ്ടിപ്പറമ്പിൽ, കർത്തേടം | മകളുടെ ഓർമ്മയ്ക്ക് | ” |
| 8. മാഗി ജോസ്, തെരുവിപ്പറമ്പിൽ, ഓച്ചന്തുരുത്ത് | ജോസ് തെരുവിപ്പറമ്പിൽ | നിത്യസഹായ മാതാ, ഓച്ചന്തുരുത്ത് |
| 9. എം.എക്സ്. ജോസഫ് ടൈറ്റസ് മംഗലത്ത് | ജോയൽ ടൈറ്റസ്, മംഗലത്ത് | ” |
| 10. ലൂസി റാഫേൽ, കളത്തിവീട്ടിൽ, ഓച്ചന്തുരുത്ത് | മേരി തോമസ് പുളിക്കത്തറയിൽ | സെൻറ് ഫ്രാൻസിസ് അസ്സീസി, ഓച്ചന്തുരുത്ത് |
| 11. വെൽവിഷർ, ഓച്ചന്തുരുത്ത് | വിൻസെൻഷ്യൻ | ” |
| 12. വിറ്റോണി കുരിശിങ്കൽ | ടോണി കുരിശിങ്കലിൻെറ വിവാഹം | ” |
| 13. വൈപ്പിൻ എൻറർപ്രൈസസ്, ഓച്ചന്തുരുത്ത് | മാതാപിതാക്കൾ | ” |
| 14. ജീന ഡോമിനിക് സെക്വേര ചാത്തനശ്ശേരി, തോപ്പുംപടി | അഗസ്റ്റിൻ ഡോമിനിക് സെക്വേര | സെൻറ് ജോർജ്ജ്, കർത്തേടം |
| 15. ആഞ്ചല ജോർജ്ജ് പാലക്കൽ, ഓച്ചന്തുരുത്ത് | ജോർജ്ജ് പാലക്കൽ | ഹോളി ക്രോസ്സ് ഓച്ചന്തുരുത്ത് |
| 16. എൻ.ജി. ജോസഫ് നെടുംതളി, എളങ്കുന്നപ്പുഴ | ത്രേസ്യാമ്മ & ജോർജ്ജ് | സാൻ സെബാൻ, പെരുമാൾപ്പടി |
| 17. ഡോമിനിക്ക് മഞ്ഞളിൽ, പുതുവൈപ്പ് | തോമസ് ആന്റ് ഫാമിലി | സെൻറ് തെരേസാസ്, പുതുവൈപ്പ് |

## സെൻട്രൽ കൗൺസിൽ അംഗങ്ങൾ

**പ്രത്യേക ക്ഷണിതാക്കൾ:**

ബ്ര. ജോസ് തോമസ് കാനപ്പിള്ളി

ബ്ര. ഫബിയാൻ കൊടുവേലിപ്പറമ്പിൽ

ബ്ര. ഫ്രാൻസിസ് ഹെൻറി

**നോമിനേററഡ് അംഗങ്ങൾ**

ബ്ര. ഏഞ്ചൽ മേരി പാവനത്തറ

ബ്ര. ജോസഫ് തേൻകുഴി

ബ്ര. യേശുദാസ് പനക്കൽ

**എ.സി. പ്രസിഡൻറുമാർ:**

| | |
|---|---|
| ബ്ര. നെൽസൺ കൊറയ | (എറണാകുളം ഈസ്റ്റ്) |
| ബ്ര. അഡ്വ. ജോസഫ് തമ്പി കുരിശിങ്കൽ | (എറണാകുളം നോർത്ത്) |
| ബ്ര. ജോർജ് ചക്കാലക്കൽ | (എറണാകുളം സൗത്ത്) |
| ബ്ര. ഇമ്മാനുവേൽ വാഴുവേലി | (ചാത്യാത്ത്) |
| ബ്ര. വിൻസെൻറ് മനയിൽ | (കളമശ്ശേരി) |
| ബ്ര. ജോയി ഇലഞ്ഞിക്കൽ | (കൂനമ്മാവ്) |
| ബ്ര. ജെറാൾഡ് മുഴങ്ങുന്തറ | (കോതാട്) |
| ബ്ര. തോമസ് ചിറമ്മേൽ | (മംഗലപ്പുഴ) |
| ബ്ര. ആൻറണി മുളക്കാര | (തോട്ടക്കാട്ടുകര) |
| ബ്ര. സ്ററീഫൻ പത്വാല | (ഉദയംപേരൂർ) |
| ബ്ര. റാഫി വെളിപ്പറമ്പിൽ | (വരാപ്പുഴ) |
| ബ്ര. ജോൺ ജോസഫ് പറമ്പലോത്ത് | (വൈപ്പിൻ നോർത്ത്) |
| ബ്ര. ഫ്രാൻസിസ് കുറുപ്പശ്ശേരി | (വൈപ്പിൻ സൗത്ത്) |

# Society of St. Vincent de Paul

## Verapoly Central Council

Ph: 0484-4049389
Website: www.ssvpverapoly.org

